# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2022 ജനുവരി 4

## വാർത്താക്കുറിപ്പ്

---

## ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം: പ്രൊഫ. സാബു തോമസ്

ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു സർക്കാർ തലത്തിൽ നടപടിയുണ്ടാകണമെന്ന് മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറും നാനോ-പോളിമർ ശാസ്ത്രമേഖലകളിലെ അറിയപ്പെടുന്ന ശാസ്ത്രജ്ഞനുമായ പ്രൊഫ. സാബു തോമസ് അഭിപ്രായപ്പെട്ടു. അമേരിക്കയിൽ സ്റ്റാൻഫോർഡ് സർവ്വകലാശാല അടുത്തയിലെ പുറത്തിറക്കിയ ശാസ്ത്രജ്ഞരുടെ പട്ടികയിൽ ഇടം പിടിച്ച കേരളത്തിൽ നിന്നുള്ള ഗവേഷകരുടെ ഓൺലൈൻ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പട്ടികയിൽ ഇടം പിടിച്ച കേരളത്തിൽ നിന്നുള്ള ശാസ്ത്രജ്ഞർ ഇന്ത്യയിൽ നിന്നുള്ള ശാസ്ത്രജ്ഞരുടെ 3.5 ശതമാനം മാത്രമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഗവേഷണപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് പല മേഖലകളിലും കാലാനുസൃതമായ പരിഷ്കാരങ്ങൾ ഉണ്ടാകണമെന്ന് പരിപാടിയിൽ അധ്യക്ഷത വഹിച്ച കുസാറ്റ് മുൻ വൈസ് ചാൻസലറും എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ സർവ്വകലാശാല ഓണററി പ്രഫസറുമായ ഡോ. ഗംഗൻ പ്രതാപ് പറഞ്ഞു. ഗവേഷകരുടെയും ശാസ്ത്രജ്ഞരുടെയും എണ്ണത്തിൽ ജനസംഖ്യാനുപാതികമായ മാറ്റം ഉണ്ടാകാത്ത കാര്യം ഗൗരവമായി കാണേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ലോകത്തെ ഗവേഷണപ്രവർത്തനങ്ങളിൽ സജീവമായ 80 ലക്ഷത്തോളം പേരിൽ നിന്ന് തെരഞ്ഞെടുത്ത 1.8 ലക്ഷം പേരെയാണ് സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി റാങ്കി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ശാസ്ത്രസാങ്കേതിക വകുപ്പ് എക്സ്-ഒഫീഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി കെ.പി. സുധീറും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിരവധി ഗവേഷകരും പങ്കെടുത്തു. ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാനും യോഗം തീരുമാനിച്ചു.

(പി.ആർ.ഒ/39/11/2022)

## സൗജന്യ പരിശോധനയും ശ്രവണ സഹായി വിതരണവും

മഹാത്മാഗാന്ധി സർവ്വകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസിൻറെയും (ഐ.ആർ.എൽ.ഡി.) മുംബൈയിലെ അലിയാവർജംഗ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് ഡിസെബിലിറ്റീസിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിന്നുള്ള കേൾവി പരിമിതികളുള്ളവർക്കായി സൗജന്യ കേൾവി പരിശോധനയും ശ്രവണസഹായി ഉപകരണ വിതരണവും നടത്തുന്നു.

മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി - തിരുവനന്തപുരം, അസീസിയ മെഡിക്കൽ കോളേജ് - കൊല്ലം, റോട്ടറി ക്ലബ് - തിരുവല്ല എന്നിവയുടെ സഹകരണത്തോടെ ജനുവരി 10 മുതൽ 19 വരെയാണ് ക്യാമ്പ് സംഘടിപ്പിക്കുക. താല്പര്യമുള്ളവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി തിരുവന്തപുരം - 952646123, കൊല്ലം - 9447677222, പത്തനംതിട്ട - 7561050916 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. (2019 അഡ്മിഷൻ - റെഗുലർ / 2017, 2018 അഡ്മിഷൻ - റീഅപ്പിയറൻസ്) ബിരുദ പരീക്ഷകൾ ജനുവരി 19 ന് ആരംഭിക്കും. വിശദിവിവരങ്ങൾ സർവ്വകലാശാല വെബസൈറ്റിൽ.

(പി.ആർ.ഒ/39/13/2022)

അഞ്ചാം സെമസ്റ്റർ ബി.എ. / ബി.കോം (സി.ബി.സി.എസ്. 2019 അഡ്മിഷൻ - റെഗുലർ / പ്രൈവറ്റ് രജിസ്ട്രേഷൻ) ബിരുദ പരീക്ഷകൾ ജനുവരി 19 ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/14/2022)

## പ്രാക്ടിക്കൽ, വൈവാ വോസി പരീക്ഷകൾ

2021 ഡിസംബറിൽ നടന്ന നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. (2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി / 2015, 2014, 2013, 2012 അഡ്മിഷൻസ് - മേഴ്സി ചാൻസ്) ബിരുദ പരീക്ഷയുടെ ഭാഗമായ പ്രാക്ടിക്കൽ/ പ്രോജക്ട്/ വൈവാ വോസി പരീക്ഷകൾ ഫെബ്രുവരി 10 വരെയുള്ള തീയതികളിൽ അതത് കോളേജുകളിൽ നടത്തും. വിശദവിവരങ്ങൾ ബന്ധപ്പെട്ട കോളേജ് ഓഫീസുകളിൽ ലഭിക്കും.

(പി.ആർ.ഒ/39/15/2022)

## പരീക്ഷാഫലം

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് - ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി (ഓണേഴ്സ്) - 2017-2016 അഡ്മിഷൻ - സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് ജനുവരി 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/16/2022)

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് 2021 ഒക്ടോബറിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് (സ്പെൽ - 2) എഡ്യൂക്കേഷൻ ഫാക്കൽറ്റി - സി.എസ്.എസ്. - 2019 അഡ്മിഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/17/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ